**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് , തിരുവനന്തപുരം**
**ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമങ്ങൾ**

വിഷയം:- മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ മാറനല്ലൂർ വില്ലേജിൽ ഗ്രൂപ്പ് I (ഹസാർഡസ്) ഒക്യുപൻസിയിൽ ഉൾപ്പെട്ട വസ്തുവിൽ പെട്രോൾ പമ്പ് നിർമ്മിക്കുന്നതിന് ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- മാറനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25.11.2020 ലെ A1/6070/19 നമ്പർ കത്ത്

**ഉത്തരവ് നമ്പർ TCPTVM/1029/2020-D തീയതി 01/01/2021**

മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ മാറനല്ലൂർ വില്ലേജിൽ റീ സർവ്വേനമ്പർ 262/12, 12-1 ൽ ഉൾപ്പെട്ട 27.76 ആർ വസ്തുവിൽ 160 ച:മീ വിസ്തൃതിയിൽ കനോപ്പി ഏരിയ, 38 ച:മീ വിസ്തൃതിയിൽ സെയിൽസ് ഓഫീസ്, 14 ച:മീ വിസ്തൃതിയിൽ ടോയിലറ്റ് ബ്ലോക്ക് ഉൾപ്പെടെ ആകെ 212 ച:മീ വിസ്തൃതിയിൽ പെട്രോൾ പമ്പ് നിർമ്മാണാനുമതിക്കായി ശ്രീ.സുർജിത്ത് എസ്.കെ സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകളോടെ ലേ ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. നിർമാണം കെ.പി.ബി.ആർ.2019 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.
2. നിർമാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ , ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തണം.
3. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
4. നിർമ്മാണ സ്ഥലത്ത് നിലം , പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്
5. 2008 ലെ നെൽവയൽ തണ്ണീർത്തട നിയമം/ അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
6. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകരുത്.
7. നിർമാണം കെ.പി.ബി.ആർ.2019 ചട്ടം 79 നനുസൃതമായി മാലിന്യ നിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം
8. ചട്ടം 26(8) പ്രകാരം തുറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.
9. പ്ലാനിൽ നൽകിയിട്ടുള്ള വിധം ചട്ടപ്രകാരമുള്ള പ്രായോഗികമായ പാർക്കിങ് പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിങ്ങിനായി മാറ്റി വച്ചിട്ടുള്ള സ്ഥലം മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നില്ല എന്നും ഉറപ്പാക്കേണ്ടതാണ്
10. നിർദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിൻറെ / സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിൻറെ സുരക്ഷയെ ബാധിക്കരുത്.

11. KPBR 2019 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട യൂണിറ്റിനു ചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.
12. Pollution control board, ഫയർ തുടങ്ങിയ ഏജൻസികളിൽ നിന്ന് ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
13. KPBR –2019 , Rule 34 .ലെ എല്ലാ വ്യവസ്ഥകളും പാലിച്ചിരിക്കണം.(Including toilet for disabled persons)
14. District Collector ൽ നിന്ന് NOC ലഭ്യമായിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
15 ചട്ടപ്രകാരമുള്ള 7m clear access width എല്ലാ ഭാഗത്തും ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണാനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

**01/2021 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

Signature Not Verified
Digitally signed by Jayasree V K
Date: 2021.01.01 13:47:40 IST
Reason: Approved

**JAYASREE.V.K**
**TOWN PLANNER**

ഉള്ളടക്കം: മേൽപ്രസ്താവിതം

സെക്രട്ടറി
മാറനല്ലൂർ ഗ്രാമപഞ്ചായത്ത്

പകർപ്പ്: (അറിവിലേയ്ക്കായി)
Sri Surjith S.K.,Surjith Bhavan,Punnavoor,Kuvalassery.P.O.